രണ്ടാമത്തെ അദ്ധ്യായത്തിൽ തത്ത്വചിന്താമണിയിലെ ഈശ്വരവാദം സംസ്കൃതത്തിൽത്തന്നെ ഉദ്ധരിച്ച് ആകാവുന്നത്ര ലളിതവും കണിശവുമായ ഇംഗ്ലീഷിൽ അതു വിവർത്തനംചെയ്തിരിക്കുന്നു. ഈ ഭാഗത്തിന് ഏറെക്കുറെ വിശദമായ വ്യാഖ്യാനമാണു മൂന്നാമത്തെ അദ്ധ്യായം.

പാശ്ചാത്യരായ സംസ്കൃത പണ്ഡിതന്മാരിൽ ഭൂരിഭാഗവും ന്യായശാസ്ത്രത്തെ തൊടാതെ വിടുകയാണു ചെയ്തിട്ടുള്ളത്. ന്യായശാസ്ത്രപഠനത്തിനു ശ്രമിച്ചിട്ടുള്ള പാശ്ചാത്യരിൽത്തന്നെ മിക്കവരും ഗംഗേശോപാധ്യായനെ ശരിക്കു മനസ്സിലാക്കുകയോ അദ്ദേഹത്തിന്റെ മഹത്ത്വമറിഞ്ഞ് ആദരിക്കുകയോ ചെയ്തിട്ടില്ല. തത്ത്വചിന്താമണിയിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ഫാദർ വട്ടക്കി ഈ ഗ്രന്ഥത്തിൽ പഠനവിഷയമാക്കിയിട്ടുള്ളത്. എങ്കിലും, ഈ പഠനം ഗംഗേശോപാധ്യായന്റെ പ്രതിഭയെ അതിന്റെ എല്ലാ ഉജ്ജ്വലതയോടുംകൂടി പണ്ഡിതലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

വർഷങ്ങൾക്കിടയിൽ വല്ലപ്പോഴുമൊരിക്കൽ മാത്രം പ്രത്യക്ഷപ്പെടുന്ന ചില അസാധാരണ ഗ്രന്ഥങ്ങളുണ്ടല്ലോ. അത്തരത്തിലൊന്നാണ് ഫാദർ വട്ടക്കിയുടെ 'ഗംഗേശന്റെ ഈശ്വരദർശനം'. ന്യായ–വ്യാകരണ ശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യമാർജിച്ചിരുന്ന പരേതനായ പണ്ഡിതരാജൻ ദാമോദരപ്പിഷാരടിയുടെ സഹായത്തോടെയാണ് 'മണി'യുടെ ഉള്ളിലേക്ക് ഫാദർ വട്ടക്കി കടന്നുചെന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ ഗുരുകുല ക്ലിഷ്ടതയുടെ എല്ലാ സൽഫലങ്ങളും ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

## 76. ശ്രീകൃഷ്ണന്റെ ദ്വാരക

ഉത്തരപ്രദേശിലെ മഥുര എന്ന പട്ടണത്തിൽ അമ്മാമനായ കംസന്റെ കാരാഗൃഹത്തിലാണ് ശ്രീകൃഷ്ണൻ പിറന്നത്. ഈ സ്ഥലം 'കൃഷ്ണജന്മഭൂമി' എന്ന പേരിൽ ഇപ്പോഴും തിരിച്ചറിയപ്പെടുന്നുണ്ട്. കംസനെ ശ്രീകൃഷ്ണൻ നിഗ്രഹിച്ചതിനുശേഷം കംസന്റെ പിതാവായ ഉഗ്രസേനന്റെ വാഴ്ചക്കാലത്ത് മഥുരയ്ക്കെതിരെ കിഴക്കുനിന്ന് ജരാസന്ധൻ എന്ന മഗധരാജാവും വടക്കുനിന്ന് ഒരു യവനരാജാവും ഒരേസമയത്തു പടയെടുത്തുവന്നപ്പോൾ നഗരം രക്ഷിക്കുക പ്രയാസമെന്നു കണ്ട് ശ്രീകൃഷ്ണൻ മഥുരനിവാസികളായ യാദവന്മാരെ മുഴുവൻ പടിഞ്ഞാറെ കടലിലുള്ള ദ്വാരക എന്ന ദ്വീപിലേക്കു മാറ്റിപ്പാർപ്പിച്ചു. ശ്രീകൃഷ്ണന്റെ മരണത്തിനുശേഷം ദ്വാരക കടലിൽ മുങ്ങിപ്പോയി. ഇതാണ് ഹൈന്ദവപുരാണങ്ങളിൽനിന്ന് അറിയാവുന്ന ദ്വാരകയുടെ ഇതിഹാസം.

ഈ ഇതിഹാസത്തിൽ ചരിത്രസത്യം എത്രമാത്രമുണ്ട്? 'അന്തസ്സമുദ്ര പുരാതത്ത്വവിജ്ഞാനം' (അണ്ടർ വാട്ടർ ആർക്കിയോളജി) എന്ന വിജ്ഞാനശാഖയുടെ വളർച്ച ഇത്തരമൊരു അന്വേഷണത്തെ സാദ്ധ്യതയുടെ സീമയിൽ എത്തിച്ചത് 1980–കളിലായിരുന്നു. ഗോവയിലെ ദേശീയ സമുദ്ര ശാസ്ത്രസ്ഥാപനം (നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി) കച്ച് കടലിൽ ദ്വാരകയുടെ സ്ഥാനം നിർണയിക്കുന്നതിനുള്ള പരിശ്രമങ്ങൾ 1983–ാമാണ്ടിൽ ആരംഭിച്ചു. 'ബേത് ദ്വാരക' എന്ന പേരിൽ ഇപ്പോൾ അവിടെയുള്ള ദ്വീപിന്റെ പടിഞ്ഞാറുഭാഗത്ത് കടലിൽ ഒരു പ്രാചീന നഗരത്തിന്റെ അവശിഷ്ടങ്ങൾ ഈ സ്ഥാപനം 1984 ഡിസംബറിൽ കണ്ടെത്തി. ഈ നഗരം 3500–ഓ 3300–ഓ വർഷങ്ങൾ മുമ്പു കടലിൽ മുങ്ങിപ്പോയതാവാം എന്നായിരുന്നു പുരാതത്ത്വവിജ്ഞാനികളുടെ നിഗമനം.

1983—ൽ ആദ്യത്തെ മുങ്ങലിൽത്തന്നെ ഇവിടെ കടലിന്റെ ആഴത്തിൽ വലിയ ഒരു കോട്ടമതിലിന്റെ അവശിഷ്ടങ്ങൾ കാണപ്പെട്ടു. ജലപ്പരപ്പിനടിയിൽ മുന്നൂററമ്പതു മീററർ താഴെ ഉറച്ചുകട്ടിയായ കളിമണ്ണിൽ പുതഞ്ഞുകിടന്ന ഒരു ശംഖമുദ്ര ഇവിടെനിന്ന് 1984—ൽ ലഭിച്ചു. 'ദിൽ മൂൺ' എന്നു പഴയകാലത്തു വിളിക്കപ്പെട്ടിരുന്ന ബഹ്റൈനിൽനിന്നു കിട്ടിയ ചില മുദ്രകളുമായി ഈ ശംഖമുദ്രയ്ക്ക് അത്ഭുതാവഹമായ സാമ്യം ഉണ്ടായിരുന്നു. മോഹൻജോദരോ—ഹരപ്പ സംസ്കാരത്തിന്റെ ഒരു കേന്ദ്രമായ ലോഥലിൽനിന്നും മുമ്പ് ഇത്തരമൊരു മുദ്ര ലഭിച്ചിരുന്നു. അതിനാൽ സിന്ധു നാഗരികത സമ്പുഷ്ടമായിരുന്ന കാലത്ത് ദ്വാരകയിൽനിന്ന് ബഹ്റൈനിലേക്ക കപ്പലുകൾവഴി സാധനങ്ങൾ കയററി അയയ്ക്കുകയും ബഹ്റൈനിൽനിന്നു തലച്ചുമടായി ഈ സാധനങ്ങൾ മെഡിററേനിയൻ കടലിന്റെ തുറമുഖങ്ങളിൽ എത്തിക്കുകയുംചെയ്തിരുന്നു എന്ന നിഗമനത്തിൽ പുരാതത്ത്വവിജ്ഞാനികൾ എത്തിച്ചേർന്നു. ശംഖമുദ്രയോടൊപ്പം ഇതേ സ്ഥലത്തുനിന്നു ലഭിച്ച മൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും ഏതാണ്ട് മൂവായിരത്തഞ്ഞൂറു വർഷങ്ങളുടെ പഴക്കമുള്ളവയാണെന്നു കരുതപ്പെട്ടു.

1985—ൽ ഇവിടെ വീണ്ടും കടലിൽ മുങ്ങിത്തപ്പിയപ്പോൾ ഏതാനും ലിപികൾ ആലേഖനംചെയ്ത ഒരു മൺപാത്രക്കഷണം കണ്ടുകിട്ടി. സൈന്ധവലിപികളുടേയും അശോകശാസനങ്ങളിൽ കാണുന്ന ബ്രാഹ്മിലിപികളുടേയും ചില ധർമങ്ങൾ ഈ ലിപികളിൽ സംയോജിച്ചുകണ്ടു. 'മഹാകച്ഛശാഹ്പാ' എന്ന് ഈ ദ്വാരകാലിപികൾ താൽക്കാലികമായി വായിക്കപ്പെട്ടു. 'വലിയ ചതുപ്പുനിലത്തിന്റെ സംരക്ഷകാ രക്ഷിച്ചാലും' എന്നായിരിക്കാം ഇതിന്റെ അർത്ഥം. സൈന്ധവലിപികൾ വായിച്ചു മനസ്സിലാക്കാൻ ഈ മൺപാത്രക്കഷണം ഉപകരിച്ചേക്കുമെന്നാണു കരുതപ്പെടുന്നത്.

1986—ൽ നാലാമതും നടത്തിയ മുങ്ങിപ്പരിശോധനയിൽ പഴയ ദ്വാരകാനഗരത്തിന്റെ സ്ഥാനത്തുനിന്നു കരയോടു കുറേക്കൂടെ അടുത്ത് ഒരു പഴയ ക്ഷേത്രത്തിന്റെയും കല്ലുകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു കടൽപ്പാലത്തിന്റെ(ജെട്ടിയുടെ)യും അവശിഷ്ടങ്ങളും മൂന്നു തുളകളുള്ള ഒരു കരിങ്കൽ നങ്കൂരവും കണ്ടെത്തി. സിറിയയിലെ 'ഉഗാരിത്ത്' എന്ന പ്രദേശത്തുനിന്നു കണ്ടുകിട്ടിയിട്ടുള്ള ഇത്തരം നങ്കൂരക്കല്ലുകൾക്ക് 3300–3400 വർഷം പഴക്കം മതിക്കപ്പെട്ടിട്ടുണ്ട്. ഇതിനർത്ഥം ശ്രീകൃഷ്ണന്റെ ദ്വാരകാദ്വീപ് കടലിൽ മുങ്ങിപ്പോയശേഷവും അതിനെതിരെയുള്ള വൻകര വലിയ ഒരു നാവികകേന്ദ്രമായി തുടർന്നുവന്നു എന്നാണ്. ഈ പ്രദേശത്ത് ഇപ്പോഴുള്ള 'ബേത് ദ്വാരക' എന്ന ദ്വീപ് അന്നൊക്കെ ഒരു ദ്വീപായിരുന്നില്ല. മറിച്ചു വൻകരയുടെ ഭാഗമായിരുന്നു എന്നു നിർണയിക്കാനുള്ള തെളിവുകളും ധാരാളമായി ലഭിച്ചു.

1987—ൽ ഈ പ്രദേശത്തു വീണ്ടും പഠനങ്ങൾ നടത്തിയപ്പോൾ രണ്ടു കാലഘട്ടങ്ങളിലായി നിർമിക്കപ്പെട്ട നാലു കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ 5—10 മീററർ ആഴത്തിൽ കടലിൽ കാണപ്പെട്ടു. ഇവയുടെ ചിത്രമെടുക്കാനും കഴിഞ്ഞു. എഴുപത്തിനാലു കിലോഗ്രാംമുതൽ ഇരുനൂററുപതു കിലോഗ്രാംവരെ തൂക്കമുള്ള നാലു കൽനങ്കൂരങ്ങളും ഇത്തവണ കിട്ടി. ധാരാളം മൺപാത്രക്കഷണങ്ങളും 'ചെർട്ട്' എന്ന കല്ലുകൊണ്ടുള്ള ഒരു കത്തിയലകും ആയിരുന്നു വേറെ ചില കണ്ടുപിടിത്തങ്ങൾ. പിൽക്കാലത്തെ കപ്പലുകളുടെയും ഇരുമ്പു നങ്കൂരങ്ങളുടെയും അവിശിഷ്ടങ്ങളും അവിടെ ധാരാളമായി കാണാൻകഴിഞ്ഞു.

1987 നവംബർമുതൽ 1988 ഫെബ്രുവരിവരെ ആറാമത്തെ തവണയും ദ്വാരകാപഠനം നടക്കുകയുണ്ടായി. ശ്രീകൃഷ്ണന്റെ ദ്വാരക കടലിൽ താഴ്ന്നുപോയതിനുശേഷം കരയോടുചേർന്നു നിലനിന്നിരുന്നതും പിന്നീടു മുങ്ങിപ്പോയതുമായ രണ്ടാമത്തെ ദ്വാരകയെന്ന തുറമുഖനഗരം സംബന്ധിച്ച കൂടുതൽ വസ്തുതകൾ വെളിപ്പെടുത്താൻ ഈ പഠനത്തിനു കഴിഞ്ഞു. ഇതു സംബന്ധിച്ച് ഏതാനും വിവരങ്ങൾ ഈയിടെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

ആദ്യ ചരിത്ര(പ്രോട്ടോ ഹിസ്റ്ററി)കാലത്തു നിലനിന്നിരുന്ന ദ്വാരകയെ

ന്ന തുറമുഖപട്ടണത്തിന്റെ (ശ്രീകൃഷ്ണന്റെ ദ്വാരകയുടേയല്ല; അതു മുങ്ങിപ്പോയതിനുശേഷം അതിനെതിരെ വൻകരയോരത്തുണ്ടായിരുന്നതും പിന്നീടു കടലെടുത്തുപോയതുമായ രണ്ടാം ദ്വാരകയുടെ) അകത്തും പുറത്തുമായുണ്ടായിരുന്ന രണ്ടു കോട്ടമതിലുകളുടെ ഗോപുരദ്വാരങ്ങൾ ഇത്തവണ കടലിനടിയിൽ തിരിച്ചറിഞ്ഞതായി ഈ മുങ്ങിത്തപ്പലുകൾ തുടക്കംമുതൽ നടത്തിവരുന്ന എമെറിററസ് സയൻറിസ്റ്റ് ഡോക്ടർ എസ്. ആർ. റാവു പ്രസ്താവിക്കുകയുണ്ടായി. ഈ ഗോപുരദ്വാരങ്ങളുടെ ഇരുവശങ്ങളിലും കൂററൻ മണൽക്കല്ലുകൾ (സാൻഡ്സ്റ്റോൺ) കൊണ്ടു കെട്ടിയ വൃത്താകൃതിയിലുള്ള കൊത്തളങ്ങൾ (ബാസ്റ്റിയൺ) ഉണ്ടായിരുന്നു. അകത്തെ ഗോപുരദ്വാരത്തിൽനിന്നു കെട്ടിയിറക്കിയ പടവുകൾ ചെന്നവസാനിച്ചിരുന്നതു് ഗോമതീനദിയിലാണ്. ഇന്നു മുങ്ങിപ്പോയെങ്കിലും ഈ നദി പ്രവഹിച്ചിരുന്ന സ്ഥാനം കടലിനടിയിൽ ഒന്നരകിലോമീററോളം നീളത്തിൽ തിരിച്ചറിയാം.

നൂറുമുതൽ നൂററിനാല്പതുവരെ കിലോഗ്രാം ഭാരമുള്ളവയും ത്രികോണാകൃതിയിലുള്ളവയുമായ മൂന്നു ദ്വാരമുള്ള നങ്കൂരക്കല്ലുകൾ ഇവിടെനിന്നു കിട്ടിയതായി പറഞ്ഞുവല്ലോ. ഇതിനർത്ഥം വലിയ പായ്ക്കപ്പലുകൾ ഗോമതീനദീമുഖത്തു കടലിൽ നങ്കൂരമിട്ടു കിടന്നിരുന്നപ്പോൾ ചെറിയ പായ്ക്കപ്പലുകൾ നദിയിലൂടെ അകത്തേക്കു കയറിവന്നിരുന്നുവെന്നാണ്. ഇത്തരം കപ്പലുകൾ കെട്ടിയിടുന്നതിനു നദിക്കരയിൽ നാട്ടിയിരുന്ന അർദ്ധവൃത്താകൃതിയിലുള്ളതും നടുക്കു് ഒരു ദ്വാരമുള്ളതുമായ ഒരു വലിയ കല്ലു് ഇവിടെ കാണപ്പെട്ടു. ദ്വാരകയുടെ പുറമതിൽ ഒരു ജെട്ടിയായിക്കൂടി ഉപയോഗിച്ചിരുന്നു. അതിന്റെ താഴെ കടലിൽ കപ്പലുകൾ അടുത്തു മതിലിന്മേലേക്കു ചരക്കുകൾ ഇറക്കിയിരുന്നു. ഈ മതിലിനടുത്തു കടലിൽ നൂററമ്പതുമുതൽ ഇരുനൂററമ്പതുവരെ കിലോഗ്രാം ഭാരമുള്ള വലിയ നങ്കൂരക്കല്ലുകൾ നിരയായി കിടക്കുന്നുണ്ടു്. ഇതിനർത്ഥം ഇന്നത്തെ തീരരേഖയിൽനിന്നു് ഒരു കിലോമീററിലധികം ദൂരെയായിരുന്ന അന്നത്തെ ഈ പുറംമതിലെന്നാണ്—അതുവരെ അന്നു കരയായിരുന്നുവെന്നാണ്. ഇവിടെ ഇപ്പോൾ പന്ത്രണ്ടു മീററർ ആഴത്തിൽ വെള്ളമുണ്ടു്.

അകമതിലിനകത്തു് ഒരു ക്ഷേത്രത്തിലെ ഒരു തൂണും കൊടിമരം നാട്ടിയിരുന്നതും നടുക്കു ദ്വാരമുള്ളതുമായ ഒരു വലിയ കല്ലും കടലിനകത്തു കാണപ്പെട്ടു.

നങ്കൂരക്കല്ലുകളുടെ എണ്ണം, വലിപ്പം, വൈവിദ്ധ്യം എന്നിവയിൽനിന്നു് ഊഹിക്കപ്പെടുന്നതു് ക്രിസ്തുവിനു രണ്ടായിരമാണ്ടുകൾ മുമ്പു് ഇന്ത്യൻകരയിലെ ഏററവും വലിയ തുറമുഖം ദ്വാരകയായിരുന്നുവെന്നാണ്. ഈ തുറമുഖത്തിനു നാലു കിലോമീററർ നീളമുണ്ടായിരുന്നു. ഇപ്പോൾത്തന്നെ ഇവിടെ അമ്പതു നങ്കൂരക്കല്ലുകൾ കിട്ടിക്കഴിഞ്ഞു. എത്രയോയെണ്ണം ചെളിയിൽ പുതഞ്ഞു കിടക്കുന്നുമുണ്ടാവണം.

കടലിനടിയിൽ പഴയ ഗോമതീനദിയുടെ വലത്തേക്കരയിൽ മാത്രമേ ഇന്നോളം നിരീക്ഷണങ്ങൾ നടത്തപ്പെട്ടിട്ടുള്ളു. വേണ്ടത്ര ഉപകരണങ്ങളും പണവുമില്ലാത്തതിനാൽ ഇടത്തേക്കര ഇനിയും നിരീക്ഷണവിധേയമാകാതെ കിടക്കുകയാണ്.

രണ്ടാമത്തെ (അതായതു് ആദ്യ ചരിത്രകാലത്തെ) ദ്വാരകാനഗരവും കടലിൽ ആഴ്ന്നുപോയതിനുശേഷം ആയിരം വർഷങ്ങളോളം ഈ കടൽത്തീരത്തു മനുഷ്യവാസമുണ്ടായിരുന്നില്ല. പിന്നീടു ശരിയായ ചരിത്രാരംഭകാലത്തു് ഇവിടെ മനുഷ്യർ പെരുമാറിത്തുടങ്ങിയതായി ഈയാണ്ടിലെ മുങ്ങിത്തപ്പലിൽ കണ്ടുകിട്ടിയ ഒരു ഓട്ടുമണിയും ഒരു ഓട്ടുബിംബത്തിന്റെ പ്രഭാമണ്ഡലവും മാർബിൾകൊണ്ടുള്ള ഒരു പ്രതിമയുടെ പാദഭാഗവും സൂചിപ്പിക്കുന്നു. കടൽനിരപ്പിൽനിന്നു നാലര മീററിലധികം ആഴത്തിൽ കീറിയ ഒരു കിടങ്ങിൽനിന്നാണ് ഈ വസ്തുക്കൾ കിട്ടിയതു്. മരംകൊണ്ടുള്ള ഒരു തോണിയുടെ അണിയവും ഇത്തവണ മണ്ണിനടിയിൽനിന്നു കിട്ടി. വെള്ളത്തിൽ പതിനൊന്നേകാലും നാലരയും ഒന്നേകാലും മീററർ ആഴത്തിൽ തിരയടിച്ചുണ്ടായ ബെഞ്ചുകൾപോലെയുള്ള തി

ണ്ടുകൾ മൂന്നു തവണ ഇവിടെ കടൽനിരപ്പ് ഉയർന്നതായി സൂചിപ്പിച്ചു. ഇതിൽ ഏററവും താഴ്ന്ന തിണ്ടിന്റെ നിരപ്പിലാണ് രണ്ടാം ദ്വാരക നിലനിന്നിരുന്നതു്. കടലാക്രമണം തടയാനായി ചരിത്രാതീതകാലത്തു മേൽക്കുമേൽ ഒമ്പതട്ടിയായി കല്ലുകൾ അടുക്കിനിർമിച്ച ഒരു കോട്ടമതിൽ ഇത്തവണത്തെ നിരീക്ഷണത്തിൽ കടലിനടിയിൽ കാണപ്പെട്ടു. പുറത്തിരുവശത്തും വലിയ കല്ലുകൾ ചെത്തിയടുക്കി അകത്തു ചെറുകല്ലുകൾ നിറച്ചാണ് ഈ മതിൽ നിർമിക്കപ്പെട്ടിട്ടുള്ളതു്. ഇതൊരു ജെട്ടിയായിക്കൂടി ഉപയോഗിച്ചിരുന്നുവെന്നു മുമ്പു പറഞ്ഞുവല്ലോ.

ശ്രീകൃഷ്ണന്റെ കാലത്തിനു മുമ്പുതന്നെ ദ്വാരകയിൽ ജനവാസമുണ്ടായിരുന്നുവെന്നാണ് അവിടെനിന്നു കിട്ടിയ കല്ലുകൊണ്ടുള്ള കത്തിയലകും ചിലതരം മൺപാത്രങ്ങളും നൽകുന്ന സൂചന. അതായതു്, മഹാഭാരതകാലത്തിനു (ക്രി. മു. 1500-നു) മുമ്പും മഹാഭാരതകാലത്തും (ക്രി. മു. 1500—1400), മഹാഭാരതകാലത്തിനുശേഷവും (ക്രി. മു. 300—ാമാണ്ടുമുതൽ) ദ്വാരകയിൽ ജനങ്ങൾ പാർത്തിരുന്നു. ഇവയിൽ ആദ്യത്തെ രണ്ടു ദ്വാരകകളും പൂർണമായും കടലിലാണ്ടുപോയി.

ഇത്തവണ ദ്വാരകയിൽ മുങ്ങിത്തപ്പിയ വിദഗ്ധരിൽ ചിലർക്കു് ഒരേസമയം രണ്ടു മണിക്കൂറോളം കടലിനടിയിൽ കഴിച്ചുകൂട്ടുവാൻ സാധിച്ചിരുന്നു. നമ്മുടെ അന്തസ്സമുദ്രപുരാതത്ത്വവിജ്ഞാനവകുപ്പിലെ അംഗങ്ങൾക്കു് ഉൽഖനനത്തിനായുള്ള ശാസ്ത്രീയ മുങ്ങൽസ്സങ്കേതത്തിൽ വൈദഗ്ധ്യം കൈവന്നിട്ടുണ്ടെന്നതു നിസ്സാരമായ കാര്യമല്ല.

മഹാഭാരതത്തിലേയും ശ്രീമദ് ഭാഗവതത്തിലേയും ശ്രീകൃഷ്ണചരിതം ചരിത്രസത്യമെന്നാണോ ഇതിൽനിന്നുള്ള നിഗമനം? അത്രയും ദൂരം പോകാൻ ഞാൻ ഇനിയും തയ്യാറല്ല. അതേസമയം ശ്രീകൃഷ്ണചരിതത്തിലെ അമാനുഷങ്ങളല്ലാത്ത സംഭവങ്ങൾ യഥാർത്ഥമായിക്കൂടെന്നില്ലെന്നു് ഇന്നോളം ദ്വാരകയിൽ നടന്ന മുങ്ങിത്തപ്പലുകൾ തെളിയിച്ചിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. അതുതന്നെ വലിയ ഒരു കാൽവെപ്പല്ലേ നമ്മുടെ പ്രാക്ചരിത്രത്തെ സംബന്ധിച്ചിടത്തോളം?

കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ
അതിമാത്രമിരുൾതിങ്ങുമന്ധകൂപത്തിൽ?

# 77. രാമായണദൂരദർശനം

ശ്രീരാമനെ ആദ്യമായി ഞാൻ കണ്ടപ്പോൾ അദ്ദേഹം ആനപ്പുറത്തിരിക്കുകയായിരുന്നു. ആറാട്ടുപുഴ പാടത്തുവെച്ചാണ് ഞങ്ങളുടെ ഈ കൂടിക്കാഴ്ച നടന്നതു്. ഞാൻ പിറന്നു വളർന്ന ഞെരുവിശ്ശേരി ദേശം ആറാട്ടുപുഴ വില്ലേജിലാണ്. വീട്ടിൽനിന്നു് ആറാട്ടുപുഴ പാടത്തേക്കു് ഏതാണ്ടു് ഒരു കിലോമീററർ ദൂരമേ കാണൂ. പാടത്തിന്റെ കിഴക്കുവശത്തുള്ള ഉയർന്ന വരമ്പിലൊരിടത്തു് മീനമാസത്തിലെ പൂരംനാളിൽ രാത്രി ഒരു കയററുകട്ടിൽ കൊണ്ടിടുന്നതിനുള്ള അധികാരം ഞങ്ങളുടെ ഏതോ കാരണവർ സ്ഥലത്തിന്റെ ഉടമസ്ഥനു് പണം കൊടുത്തു നേടിയിരുന്നു. തൊട്ടടുത്തുള്ള ദേവസ്വം ആഫീസിന്റെ മേൽനിലയിലും ഞങ്ങൾക്കൊരു കട്ടിൽ ഉണ്ടായിരുന്നു. ഓർമവെച്ച കാലംമുതൽ ഞങ്ങൾ കുട്ടികൾ ആണ്ടിലൊരിക്കൽ ഈ കട്ടിലുകളിൽ ചെന്നിരുന്നു് ആറാട്ടുപുഴ പൂരം കണ്ടുവന്നു. സന്ധ്യക്കു് ആറാട്ടുപുഴ ശാസ്താവിന്റെ ഇറക്കവും മാലപ്പടക്കവും തുടർന്നു് ചാത്തക്കുടത്തു ശാസ്താവിന്റെ കയററവും പഞ്ചാരി മേളവും അന്നൊക്കെ കേമമായി നടത്തിയിരുന്നു. ഇതെല്ലാം കഴിയുമ്പോഴേക്കു്